നമ്പർ.സി 7– 53057/2014/എസ്.ബി

ഹെഡ്ക്വാർട്ടേഴ്സ്,
സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി,
തിരുവനന്തപുരം
തീയതി : 11/04/2014.

# ക്വട്ടേഷൻ നോട്ടീസ് – ലേലപരസ്യം

സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി ഹെഡ്ക്വാർട്ടേഴ്സ്, പട്ടം, തിരുവനന്തപുരം ആഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ഉപയോഗശൂന്യമായതുമായ കമ്പ്യൂട്ടറുകളും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളും എസ്.ബി.സി.ഐ.ഡി ഓഫീസ് പരിസരത്തു വച്ച് 28/04/2014 തിങ്കളാഴ്ച രാവിലെ 11 മണിക്ക് പരസ്യമായി ലേലം വഴി വില്പന നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൃത്യസമയത്ത് ലേലസ്ഥലത്ത് ഹാജരാകേണ്ടതും, ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് ലേലത്തിൽ പങ്കെടുക്കുന്ന ആൾ നിരതദ്രവ്യമായി 3420/- രൂപ ലേലസ്ഥലത്ത് കെട്ടി വച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ച് കൊടുക്കുന്നതാണ്.

ലേലം അവസാനിച്ചാലുടൻ കൂടുതൽ തുക വിളിച്ച ആൾക്ക് താല്ക്കാലികമായി ലേലം ഉറപ്പിക്കുന്നതാണ്. ലേലം കഴിഞ്ഞാലുടൻ ലേലം സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്) ലേലം കൊണ്ടയാൾ ലേല സ്ഥലത്തു വച്ചു തന്നെ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവത്തിനകം ബാക്കി തുകയും നിയമാനുസൃതമുള്ള വില്പന നികുതിയും (5%) അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്ന ആൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും സാധനങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും, എന്തെങ്കിലും കൂടുതലായി കിട്ടുകയാണെങ്കിൽ ആയതിന് മുൻ ലേലക്കാരൻ അവകാശി അല്ലാത്തതുമാണ്.

മേൽ കാണിച്ചിരിക്കുന്ന സാധനങ്ങൾ പരിശോധിക്കണമെന്നുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് 11 മണി മുതൽ 4 മണി വരെ സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി പോലീസ് സൂപ്രണ്ട് (ഭരണവിഭാഗം) അവർകളുടെ അനുമതിയോടുകൂടി സ്റ്റോറിൽ പരിശോധിക്കാവുന്നതാണ്.

യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലത്തീയതി മാറ്റി വയ്ക്കുന്നതിനും ലേലം അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി പോലീസ് സൂപ്രണ്ട് (ഭരണ വിഭാഗം) അവർകൾക്ക് ഉണ്ടായിരിക്കുന്നതുമാണ്.

ജി. സ്പർജൻകുമാർ ഐ.പി.എസ്.
പോലീസ് സൂപ്രണ്ട് (ഭരണ വിഭാഗം)
പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ഇന്റ്)ന് വേണ്ടി

പകർപ്പ്: അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ടർ, എസ്.ബി.സി.ഐ.ഡി, തിരുവനന്തപുരം
ഇതിനോടനുബന്ധിച്ചുള്ള ടെണ്ടറുകൾ സ്വീകരിക്കുന്നതിന്
അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ
ലേലത്തെ സംബന്ധിച്ച് വിപുലമായ പ്രചാരണം നൽകുന്നതിനും
ലേല സംബന്ധമായ അനന്തര നടപടികൾക്കും അദ്ദേഹത്തെ
ഏല്പിക്കുന്നു.

Sj/11/4